പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4846 04.07.2012-ൽ മറുപടിക്ക്

## സിവിൽ സർവ്വീസിന്റെ കാര്യക്ഷമത

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.സി. ദിവാകരൻ | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| സംസ്ഥാനത്തെ സിവിൽ സർവ്വീസിന്റെ കാര്യക്ഷമത മെച്ചപ്പെടുത്താൻ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വീകരിച്ച നടപടികൾ എന്തെല്ലാം; വ്യക്തമാക്കാമോ ? | സർക്കാരിന്റെ എല്ലാ വകുപ്പുകളും സ്വയംഭരണ സ്ഥാപനങ്ങളും മറ്റ് സർക്കാർ നിയന്ത്രണ സ്ഥാപനങ്ങളും അതാത് വകുപ്പ്/ഓഫീസ് മുഖേന പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന സേവനങ്ങളും അവ നേടിയെടുക്കുന്നതിനുള്ള നടപടിക്രമങ്ങളും പ്രതിപാദിക്കുന്ന പൗരാവകാശരേഖ ഓഫീസുകളുടെ മുന്നിൽ എഴുതി പ്രദർശിപ്പിക്കണമെന്നും പ്രസിദ്ധീകരിക്കണമെന്നും, വെബ് സൈറ്റിൽ പ്രസിദ്ധീക രിക്കണമെന്നും നിർ ദ്ദേശം നൽകിയിട്ടുണ്ട്. ടി നിർ ദ്ദേശം നടപ്പാക്കിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്താൻ എല്ലാ വകുപ്പ് അദ്ധ്യക്ഷൻമാർക്കും 23.09.2011-ലെ നം.9219/ എആർ.12(1)/2011/ ഉഭപവ സർക്കുലർ പ്രകാരം കർശന നിർ ദ്ദേശം നല്കിയിട്ടുണ്ട്. ഇതിനു പുറമെ, സർക്കാർ വകുപ്പുകൾ/ സ്ഥാപനങ്ങൾ മുഖാന്തിരം സർക്കാർ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന സേവനങ്ങൾ കൃത്യമായും സമയബന്ധിതമായും ലഭ്യമാക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് "കേരള സേവനാവകാശ നിയമം 2012 " കരട് ബിൽ 30.05.2012-ൽ ചേർന്ന മന്ത്രിസഭാ യോഗം അംഗീകരി ക്കുകയും കേരള നിയമസഭയിൽ അവതരിപ്പിച്ച് നിയമമാക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ആയത് നിയമ സഭയുടെ ഈ സമ്മേളനത്തിൽതന്നെ അവതരിപ്പിക്കുന്നതിനുള്ള നടപടികളും കൈക്കൊണ്ടിട്ടുണ്ട്. |

(.........2)

കൂടാതെ, എല്ലാ സർക്കാർ ഓഫീസുകളുടെയും മുമ്പിൽ ഓഫീസ് സമയക്രമം പാലിക്കുന്ന ബോർഡ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സർക്കാർ ഓഫീസുകളിൽ പരാതി രജിസ്റ്ററുകൾ വയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പെൻഷനായ സർക്കാർ ഉദ്യോഗസ്ഥർക്ക് തിരിച്ചറിയൽ രേഖ നൽകുന്നകാര്യം പരിഗണനയിലാണ്. സർക്കാരുദ്യോഗസ്ഥരുടെ പൊതു സ്ഥലംമാറ്റങ്ങൾ മാനദണ്ഡങ്ങൾക്ക് വിധേയമായി സുതാര്യമായി നടത്തിവരുന്നു. നൂറുദിന പരിപാടി വിജയകരമായി നടത്തിക്കഴിഞ്ഞു. ഇപ്പോൾ 'സപ്തധാരാ പദ്ധതി'യെന്ന പേരിൽ ഒരുവർഷ കർമ്മപരിപാടി നടത്തുന്നുണ്ട്. അഴിമതി വെളിച്ചത്ത് കൊണ്ടുവരുവാൻ സഹായിക്കുന്നവർക്ക് സംരക്ഷണവും റിവാർഡും നൽകുന്നതിനായി "വിസിൽ ബ്ലോവർ പ്രൊട്ടക്ഷൻ പോളിസി" എന്ന പേരിൽ മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിനായി ഒരു അഞ്ചംഗ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്.

തീവ്ര ഫയൽ തീർപ്പാക്കൽ യജ്ഞത്തിലൂടെ സെക്രട്ടേറിയറ്റിലും, വകുപ്പ്-ജില്ലാ മേധാവികളുടെ ഓഫീസുകളിലുമുള്ള, നിയമതടസ്സമില്ലാത്തതും പഴക്കമുള്ളതുമായ ഫയലുകൾ "ഫയൽ അദാലത്തുകൾ" സംഘടിപ്പിച്ച് തീർപ്പാക്കിയിട്ടുണ്ട്. കൂടാതെ, എല്ലാ വിഭാഗത്തിലും ഉൾപ്പെട്ട വിവിധ സർക്കാർ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് യഥാസമയം IMG-യിലും ISTM-ലും ആവശ്യമായ പരിശീലനങ്ങൾ നൽകിവരുന്നു.

സെക്ഷൻ ഓഫീസർ